## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : *509 — 01. 07. 2014 ൽ മറുപടിക്ക്

### വൈദ്യുതി അദാലത്തുകൾ

ചോദ്യം — ഉത്തരം

ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
, , റ്റി.യു. കുരുവിള

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗാർഹിക - ഗാർഹികേതര വൈദ്യുതി ഉപഭോക്താക്കൾ അനുഭവിക്കുന്ന വിവിധ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നിയോജകമണ്ഡലം തലങ്ങളിൽ വൈദ്യുതി അദാലത്തുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;; | (എ) | ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | വീടുകളിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുതിമീറ്ററുകൾ അടിക്കടി കേടാവുന്നതും ഉപയോഗത്തെക്കാളും കൂടുതൽ വൈദ്യുതി ബിൽ നൽകുന്നതുമായ സംഭവങ്ങൾ വർദ്ധിച്ചുവരുന്നത് ഒഴിവാക്കുവാൻ എന്തൊക്കെനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | വൈദ്യുതി മീറ്ററുകൾ അടിക്കടി കേടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതൊരു ഉപകരണത്തെയും പോലെ അപൂർവ്വമായി വൈദ്യുതി മീറ്ററുകൾക്കും തകരാർ സംഭവിക്കാറുണ്ട്. വൈദ്യുതി ബോർഡിൽ ദ്വിമുഖ ദർഘാസുകൾ വഴി ഗുണമേന്മയുള്ള വൈദ്യുതി മീറ്ററുകളാണ് ഇപ്പോൾ വാങ്ങുന്നത്. ഈ മീറ്ററുകളെല്ലാം തന്നെ 5 വർഷം ഗ്യാരന്റിയോടു കൂടിയവയാണ്. കേടാവുന്ന മീറ്ററുകൾ സമയബന്ധിതമായി കമ്പനികൾ മാറ്റി നൽകുന്നുണ്ട്. കേടായ മീറ്ററുകൾ മാറ്റുന്നതിനും പുതിയ കണക്ഷൻ നൽകുന്നതിനുമായി ദർഘാസുകൾ വഴി ബോർഡ് എല്ലാ സാമ്പത്തിക വർഷവും മീറ്ററുകൾ വാങ്ങുന്നു. 2014-15 — ലേയ്ക്ക് ആവശ്യമായ 3 ഫേസ് (വ്യാവസായികം — 4500 എണ്ണം, ഗാർഹികം, വാണിജ്യം |

മുതലായവ-75000 എണ്ണം) എന്നിവയ്ക്കുള്ള ഓർഡറുകൾ 05.06.2014, 16.06.2014 എന്നീ തീയതികളിൽ നൽകിയിട്ടുണ്ട്. കൂടാതെ, 12 ലക്ഷം സിംഗിൾ ഫേസ് മീറ്ററുകൾക്കുള്ള ടെണ്ടർ തുറന്ന് ഓർഡർ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ